# സൗന്ദര്യലഹരി

## ക്ലാസ് - 9 വൃത്തം- ശിഖരിണീ

1. ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും

ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി .

അതസ്ത്വാമാരാദ്ധ്യാം ഹരിഹരവിരിഞ്ചാദിഭിരപി

പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി.

സാരം - അല്ലയോ ദേവി, മംഗളസ്വരൂപനായ പരമശിവൻ ശക്തിസ്വരൂപിണിയായ ദേവിയോടുകൂടി യുക്തനായി ഭവിച്ചുവെങ്കിൽ മാത്രമേ പ്രപഞ്ചസൃഷ്ട്യാദികർമങ്ങൾക്ക് ശക്തനാവുകയുള്ളൂ. അങ്ങനെയല്ലെങ്കിൽ ആ ദേവന് ചലിക്കാൻ പോലും സാധിക്കില്ല, അതിനാൽ വിഷ്ണു, രുദ്രൻ, ബ്രഹ്മാവ് എന്നീ ദേവശ്രേഷ്ഠന്മാരാൽ പോലും ഉപാസിക്കപ്പെടുവാൻ യോഗ്യയായ ദേവിയെ നമസ്ക്കരിക്കുവാനോ ,സ്തുതിക്കുവാനോ പൂർവ്വജന്മങ്ങളിൽ പുണ്യം

സമ്പാദിക്കാത്തവൻ എങ്ങനെ സമർത്ഥനായിത്തീരും.

2. തനീയാംസം പാംസും തവ ചരണപങ്കേരുഹഭവം

വിരിഞ്ചഃ സഞ്ചിന്വൻ വിരചയതി ലോകാനവികലം

വഹത്യേനം ശൗരിഃ കഥമപി സഹസ്രേണ ശിരസാം

ഹരഃ സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂളനവിധിം.

സാരം -അല്ലയോ ദേവി, ഭവതിയുടെ പദാരവിന്ദങ്ങളിൽനിന്നുണ്ടായ അതിസൂക്ഷ്മമായപൊടിയെ സമ്പാദിച്ചിട്ട് ബ്രഹ്മാവ് ലോകങ്ങളെ ന്യൂനതകൂടാതെ സൃഷ്ടിക്കുന്നു. ആദിശേഷരൂപിയായ വിഷ്ണു തന്റെ ആയിരം ശിരസ്സുകൊണ്ട് ഇതിനെതാങ്ങിനിർത്തുന്നു.സംഹാരരൂപിയായ ശിവനാകട്ടെ ഈ പൊടിയെ ലലാടാഗ്നിയിൽ ദഹിപ്പിച്ച് ഭസ്മമായി പൂശുന്നു.(ബ്രഹ്മാ-വിഷ്ണു-മഹേശ്വരന്മാരുടെ പ്രപഞ്ച സൃഷ്ടി-സ്ഥിതി-ലയ-കർതൃത്ത്വം ദേവിയുടെ പദാരാവിന്ദരേണുവിന്റെ മാഹാത്മ്യത്തിനധീനമായിരിക്കുന്നു എന്ന് സാരം)

3. അവിദ്യാനാമന്തസ്തിമിരമിഹിരദ്വീപനഗരീ

ജഡാനാം ചൈതന്യസ്തബകമകരന്ദസ്രുതിഝരീ

ദരിദ്രാണാം ചിന്താമണിഗുണനികാ ജന്മജലധൗ

നിമഗ്നാനാം ദംഷ്ട്രാ മുരരിപുവരാഹസ്യ ഭവതി

സാരം -അല്ലയോ ദേവി, ഈ പദാരവിന്ദപാംസു അജ്ഞാനികൾക്ക് ഉള്ളിലുള്ള അജ്ഞാനാന്ധകാരത്തെ നശിപ്പിക്കുന്നുതായ സൂര്യന്റെ ഉദയസ്ഥാനമായ സമുദ്രമദ്ധ്യത്തിലുള്ള നഗരിയാകുന്നു. മന്ദബുദ്ധികൾക്ക് ദൃശ്യാദൃശ്യവസ്തുവിവേകമാകുന്ന പൂങ്കുലയിൽനിന്നൊഴുകുന്ന തേനിന്റെ പ്രവാഹമാകുന്നു. ദരിദ്രർക്ക് ആഗ്രഹിച്ചതൊക്കെ കൊടുക്കുന്ന ചിന്താമണിയാകുന്നു. ജനനമരണരൂപമായ സംസാരസാഗരത്തിൽ മുങ്ങിത്താഴുന്നവർക്ക് വരാഹരൂപിയായ വിഷ്ണുവിന്റെ തേറ്റയുമാകുന്നു.

4. ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണ-

സ്ത്വമേകാ നൈവാസി പ്രകടിതവരാഭീത്യാഭിനയാ.

ഭയാത്ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം

ശരണ്യേ ലോകാനാം തവ ഹി ചരണാവേവ നിപുണൗ.

സാരം- സകല ലോകങ്ങൾക്കും ശരണാഗതയായ ദേവി ! ഭവതിയിൽ നിന്ന് ഭിന്നമായ എല്ലാ ദേവസമൂഹവും കൈകൾ കൊണ്ട് അഭയവരദാനങ്ങളെ ചെയ്യുന്നു. ദേവി ഒരാൾമാത്രം വരാഭയമുദ്രയോടുകൂടി ഭവിക്കുന്നില്ല. മാത്രമല്ല, ഭയത്തിൽനിന്ന് രക്ഷിക്കാനും അഭീഷ്ടവരത്തെ ദാനം ചെയ്യാനും അവിടത്തെ പാദങ്ങൾ തന്നെ സമർത്ഥങ്ങളാകുന്നു.

5. ഹരിസ്ത്വാമാരാദ്ധ്യ പ്രണതജനസൗഭാഗ്യജനനീം

പുരാ നാരീ ഭൂത്വാ പുരരിപുമപി ക്ഷോഭമനയത്.

സ്മരോപി ത്വാം നത്വാ രതിനയനലേഹ്യേന വപുഷാ

മുനീനീമപ്യന്തഃപ്രഭവതി ഹി മോഹായ മഹതാം

സാരം - ശ്രീമഹാവിഷ്ണു, നമസ്ക്കരിക്കുന്നവർക്ക് സൗഭാഗ്യം ഉണ്ടാക്കുന്നവളായ ഭവതിയെ ആരാധിച്ചിട്ട് , പണ്ട് സ്ത്രീരൂപത്തെ സ്വീകരിച്ച് ത്രിപുരാന്തകനായ പരമശിവനുകൂടി മനഃക്ഷോഭത്തെ ഉണ്ടാക്കി. കാമദേവൻപോലും ദേവിയെ നമസ്ക്കരിച്ച് രതീ ദേവിയുടെ കണ്ണുകൾക്ക് ആസ്വാദ്യകരമായ സുഭഗശരീരത്തെ പ്രാപിച്ച് ജിതേന്ദ്രിയന്മാരായ മഹർഷിമാരുടെ ചിത്തത്തിൽപോലും വികീരത്തെ ജനിപ്പിക്കുവാൻ സമർത്ഥനായി ഭവിക്കുന്നു.

6. ധനുഃ പൗഷ്പം മൗർവ്വീ മധുകരമയീ പഞ്ചവിശിഖാഃ

വസന്തസ്സാമന്തോ  മലയമരുദായോധനരഥഃ

തഥാപ്യേകസ്സർവം  ഹിമഗിരിസുതേ കാമപി  കൃപാ-

മപാംഗാത്തേ ലബ്ധ്വാ ജഗദിദമനംഗോ വിജയതേ.

സാരം - ഹേ ഹിമഗിരിസുതേ! കാമദേവന്റെ വില്ല് പുഷ്പമയമാകുന്നു, ഞാണ് വണ്ടിൻനിരയാകുന്നു, പുഷ്പബാണങ്ങൾ അഞ്ചെണ്ണമാകുന്നു, മന്ത്രി വസന്തകാലവും, യുദ്ധത്തിനുള്ള തേര് തെക്കൻകാറ്റുമാകുന്നു.അപ്രകാരമാണെങ്കിലും ദേഹഹീനനായ എകാകിയായ കാമദേവൻ ദേവിയുടെ കടാക്ഷവീക്ഷണത്തിൽനിന്ന് അനിർവചനീയമായ ഒരു കരുണയെ ലഭിച്ചിട്ട് ഈ ലോകമാസകലം സർവ്വോത്കർഷേണ  ജയിക്കുന്നു.

7. ക്വണത് കാഞ്ചീദാമാ കരികളഭകുംഭസ്തനനതാ

പരിക്ഷീണാ മദ്ധ്യേ പരിണതശരച്ചന്ദ്രവദനാ

ധനുർബാണാൻ പാശം സൃണിമപി ദധാനാ കരതലൈഃ

പുരസ്താദാസ്താം നഃ  പുരമഥിതുരാഹോപുരുഷികാ.

സാരം-സഞ്ചരിക്കുമ്പോൾ കിലുങ്ങികൊണ്ടിരിക്കുന്ന അരഞ്ഞാണോടുകൂടിയും, ആനകുട്ടിയുടെ മസ്തകങ്ങൾ പോലെയുള്ള സ്തനങ്ങളുടെ ഭാരത്താൽ അല്പം കുനിഞ്ഞും , കൃശമായ അരകെട്ടോടും, ശരത്കാലചന്ദ്രനെപോലെ ശോഭിക്കുന്ന മുഖത്തോടും, നാലുതൃക്കൈകളിലും കരിമ്പ് വില്ല് , പുഷ്പബാണങ്ങൾ, പാശായുധം, തോട്ടി എന്നീ ആയുധങ്ങളെ ധരിച്ചുകൊണ്ടിരിക്കുന്ന ത്രിപുരാന്തകന്റെ അഹങ്കാരരൂപിണിയായ പരമേശ്വരി ഞങ്ങളുടെ ഹൃദയകമലത്തിൽ പ്രകാശിച്ചരുളേണമേ.

8. സുധാസിന്ധോർമദ്ധ്യേ സുരവിടപിവാടീപരിവൃതേ

മണിദ്വീപേ നീപോപവനവതി ചിന്താമണിഗൃഹേ

ശിവാകാരേ മഞ്ചേ പരമശിവപര്യങ്കനിലയാം

ഭജന്തി ത്വാം ധന്യാഃ കതിചന ചിദാനന്ദലഹരീം.

സാരം - അമൃതസാഗരത്തിന്റെ നടുവിൽ കല്പകവൃക്ഷോദ്യാനത്താൽ ചുറ്റപെട്ട രത്നദ്വീപിൽ കടമ്പിൻപൂന്തോട്ടത്തോടുകൂടിയ ചിന്താമണിമന്ദിരത്തിങ്കൽ ബ്രഹ്മാവിഷ്ണുരുദ്രേശ്വരന്മാർ അഗ്നികോണുമുതൽ നാലുകോണുകളിൽ ഊർദ്ധ്വാധോഭാഗങ്ങളിൽ സ്തഭരൂപമായും , മദ്ധ്യത്തിൽ പുരുഷരൂപമായുമുള്ള നാലുകാലുകളിൽ സ്ഥിതിചെയ്യുന്നതും ഉപരിഭാഗത്ത് സദാശിവനാകുന്ന പലകയോടുകൂടിയ കട്ടിലിൽ പരമശിവനാകുന്ന മെത്തയിൽ

ഇരിക്കുന്നവളും ജ്ഞാനാനന്ദപ്രവാഹരൂപിണിയുമായ ദേവിയെ ചില മഹാപുണ്യവാന്മാർ ഭജിക്കുന്നു.

9. മഹീം മൂലാധാരേ കമപി മണിപൂരേ ഹുതവഹം

സ്ഥിതം സ്വാധിഷ്ഠാനേ ഹൃദി മരുതമാകാശമുപരി

മനോപി ഭ്രൂമദ്ധ്യേ സകലമപി ഭിത്വാ കുലപഥം

സഹസ്രാരേ പദ്മേ സഹ രഹസി പത്യാ വിഹരസേ.

സാരം - മൂലാധാരത്തിൽ പൃഥ്വീതത്ത്വത്തേയും, മണിരൂപത്തിൽ ജലതത്ത്വത്തേയും, സ്വാധിഷ്ഠാനത്തിൽ അഗ്നിതത്ത്വത്തേയും, അനാഹതചക്രത്തിൽ വായുതത്ത്വത്തേയും, വിശുദ്ധിചക്രത്തിൽ ആകാശതത്ത്വത്തേയും, ഭ്രൂമദ്ധ്യത്തിലിരിക്കുന്ന ആജ്ഞാചക്രത്തിൽ മനസ്തത്ത്വത്തേയും ഇപ്രകാരം സമസ്തസുഷുമ്നാ മാർഗത്തേയും ഭേദിച്ച് സഹസ്രദളകമലത്തിൽ വിജനപ്രദേശത്തിങ്കൽ ഭർത്താവായ പരമശിവനോടുകൂടി വിഹരിക്കുന്നു.

10. സുധാധാരാസാരൈശ്ചരണയുഗളാന്തർവിഗളിതൈഃ

പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായമഹസഃ

അവാപ്യ സ്വാം ഭൂമീം ഭുജഗനിഭമദ്ധ്യുഷ്ടവലയം

സ്വമാത്മാനം കൃത്വാ സ്വപിഷി കുലകുണ്ഡേ കുഹരിണീ

സാരം - ദേവിയുടെ ചരണാരവിന്ദമദ്ധ്യത്തിൽ നിന്നൊഴുകുന്ന അമൃതധാരാപ്രവാഹങ്ങളാൽ ഉപാസകന്റെ ദേഹാന്തർഭാഗത്തിലുള്ള നാഡിസമൂഹത്തെ നനച്ചിട്ട്, അമൃതാധിക്യമായകാന്തിയോടുകൂടിയതും സഹസ്രദളകമലത്തിൽ ശ്രീചക്രസ്വരൂപമായി സ്ഥിതിചെയ്യുന്നതുമായ ചന്ദ്രമണ്ഡലത്തിൽനിന്നു തിരിയെ വാസസ്ഥാനമായ മൂലാധാരത്തെ പ്രാപിച്ചിട്ട് സർപ്പസദൃശമായതും മൂന്നരചുറ്റോടുകൂടിയ മണ്ഡലാകൃതിയിലുള്ള സർപ്പത്തിനു സദൃശമായ രൂപത്തെ ധരിച്ചിട്ട് മദ്ധ്യത്തിൽ സൂക്ഷ്മരന്ധ്രത്തോടു കൂടി മൂലാധാരചക്രത്തിൽ ഉറങ്ങുന്നു.